12. സഭയുടെ വൈദിക സെമിനാരികളിൽ പഠനം പൂർത്തിയാക്കിയ സംഗീത വാസനയുള്ള വൈദിക രെയും ശെമ്മാശ്ശൻമാരെയും, കോട്ടയം വൈദിക സെമിനാരിയിൽ പ്രവർത്തിക്കുന്ന ശ്രുതി ആരാധനാ സംഗീത വിദ്യാലയത്തിൽ പഠനം പൂർത്തിയാക്കിയ അത്മായരേയും മാത്രം ഇടവക ഗായകസംഘത്തിന് പരിശീലനം നൽകുവാൻ വേണ്ടി വികാരിമാർ നിയോഗിക്കാവുന്നതാണ്.

13. ഓരോ ഇടവകയിലേയും ആരാധനാഗായകസംഘത്തിന്റെ രൂപീകരണം, കാലാനുസൃതമായ അവരുടെ പരിശീലനങ്ങൾ, സംഘാംഗളുടെ ഇടയിലെ ശിക്ഷണരീതികൾ, തുടങ്ങി എല്ലാ കാര്യങ്ങളും വികാരിമാരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കേണ്ടതാണ്. ഗായകസംഘം ഇടവകയിൽ ആരംഭിച്ചാൽ അത് കോട്ടയം 'ശ്രുതി' ആരാധനാസംഗീത വിദ്യാലയത്തിൽ അറിയിച്ച് രജിസ്റ്റർ ചെയ്യുകയും സംഘാഗങ്ങളുടെ പരിശീലനത്തിനുവേണ്ട നിർദ്ദേശങ്ങളും, സഹായസഹകരണങ്ങളും സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

14. ഇടവക ആരാധനാഗായകസംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ഇടവകാംഗങ്ങളിൽ ആർക്കെങ്കിലും അഭിപ്രായവ്യത്യാസമോ പരാതിയോ ഉണ്ടായാൽ ആ വിവരം അവർ രേഖാമൂലം വികാരിയെ അറിയിക്കുകയും, വികാരിയിൽ നിന്ന് ഉചിതമായ മറുപടി ലഭിക്കാത്തപക്ഷം ഭദ്രാസന മെത്രാപ്പോലീത്തായെ അറിയിക്കേണ്ടതുമാണ്. ആവശ്യം വേണ്ട അന്വേഷണങ്ങൾ നടത്തി ഭദ്രാസന മെത്രാപ്പോലീത്താ ചെയ്യുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

## B. പ്രൈവറ്റ് ഗായകസംഘങ്ങൾ

15. ആരാധനാ ഗായക സംഘങ്ങൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ഓരോ ഇടവകയിലും വികാരിമാരുടെ നേതൃത്വത്തിവും നിയന്ത്രണത്തിലും രൂപീകരിക്കപ്പെടേണ്ടവയും നിലകൊള്ളേണ്ടവയുമാണ്. എന്നാൽ, ഞായറാഴ്ച ആരാധനകൾക്കും മാറാനായ പെരുന്നാളുകളിലെ ആരാധനകൾക്കും പുറമേ ചില ദിവസങ്ങളിൽ വരുന്ന ശുശ്രൂഷകൾക്ക് വൈദികരുടെ പിന്നിൽ നിന്നു നേതൃത്വം നൽകുവാനും ഇടവക-ഭദ്രാസന-സഭാ തലത്തിലുള്ള പൊതു ശുശ്രൂഷകളിൽ കാർമ്മികർക്കുപിന്നിൽ വിശ്വാസികളുടെ പൂർണ്ണപങ്കാളിത്വം ഉറപ്പാക്കുവാനും, ഇടവകയ്ക്ക് പുറമേയുള്ള ആരാധനാ ഗായകസംഘങ്ങളുടെ ആവശ്യം ചിലപ്പോഴെങ്കിലും നേരിടാറുണ്ട്. അങ്ങനെ, ഇടവകയ്ക്കു പുറത്തു രൂപീകരിക്കപ്പെടുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളുടെ ഗായകസംഘങ്ങളെയാണ് 'പ്രൈവറ്റ് ഗായക സംഘങ്ങൾ' എന്ന് വിളിക്കുന്നത്.

16. പ.സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾക്കും, പാരമ്പര്യത്തിനും, ആദ്ധ്യാത്മികതയ്ക്കും, ആരാധനാ സംവിധാനങ്ങൾക്കും, രീതികൾക്കും ഭംഗം ഏൽക്കാത്ത തരത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളായവർ മാത്രം ചേർന്ന് പ്രൈവറ്റ് ഗായകസംഘങ്ങൾ രൂപീകരിക്കപ്പെടാവുന്നതാണ്.

17. സ്ത്രീകളും പുരുഷന്മാരുമായി നാലിൽ കുറയാത്ത അംഗങ്ങൾ പ്രൈവറ്റ് ഗായകസംഘങ്ങളിൽ ഉണ്ടായിരിക്കണം. വി. കുർബ്ബാനയിൽ പ്രൈവറ്റ് ഗായകസംഘങ്ങളെ നിയോഗിക്കരുത്. പ്രൈവറ്റ് ഗായക സംഘങ്ങൾക്ക് നേതൃത്വം കൊടുക്കുവാനോ അതിൽ അംഗങ്ങളാകുവാനോ വൈദികർക്ക് അനുവാദമില്ല.

18. പ്രൈവറ്റ് ഗായക സംഘങ്ങൾ നിശ്ചയമായും കോട്ടയം വൈദിക സെമിനാരിയോടു ചേർന്ന് പ്രവർത്തിക്കുന്ന 'ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കി'ന്റെ കോഴ്സ് നിശ്ചയമായും പഠിച്ച് സർട്ടിഫിക്കേറ്റ് കരസ്ഥമാക്കിയിരിക്കേണ്ടതാണ്. എല്ലാ ഗായകസംഘങ്ങളും ശ്രുതിയിൽ മേൽപറഞ്ഞ രീതിയിൽ സർട്ടിഫിക്കേറ്റ് കരസ്ഥമാക്കുകയും രജിസ്ട്രേഷൻ നടത്തുകയും, അംഗങ്ങളായവർക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് ലഭിക്കുകയും ചെയ്തതിനു ശേഷം മാത്രം പ്രവർത്തിച്ചു തുടങ്ങാവുന്നതാണ്. ഓരോ ഗായകസംഘവും വർഷത്തിൽ ഒരിക്കൽ അവയ്ക്ക് സഭയിലുള്ള രജിസ്ട്രേഷൻ ശ്രുതിയിൽ നിന്നുതന്നെ പുതുക്കി വാങ്ങേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ്, പുതുക്കുന്നതിന്റെ ഫീസ് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ശ്രുതിയുടെ കാര്യാലയത്തിൽ നിന്ന് നിശ്ചയിക്കുന്നതായിരിക്കും.